milma

# തിരുവനന്തപുരം ഡെയറി, അമ്പലത്തറ, പൂന്തുറ പി.ഒ

നം :70 റ്റി ഡി /പി ആൻറ് ഐ /ഒ വി /2026-27 16.07.2026

**റീ-ടെണ്ടർ വിജ്ഞാപനം**

വിഷയം :- മൊബൈൽ വെറ്ററിനറി ക്ലിനിക് ടാക്സി റീ-ടെണ്ടർ വിജ്ഞാപനം.

തിരുവനന്തപുരം ഡെയറിയുടെ പ്രവർത്തന പരിധിയിലുള്ള മൂവേരിക്കര ക്ഷീര സംഘം കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന മൊബൈൽ വെറ്ററിനറി ക്ലിനിക്കിൻറെ ആവശ്യത്തിലേക്കായി 6 മാസത്തേക്ക് കരാറിൽ ഏർപ്പെടുന്നതിനു 2016 നോ ശേഷമോ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടൂറിസ്റ്റ് ടാക്സി (SEDAN) കാർ പെർമിറ്റ് ഉള്ളതുമായ വാഹന ഉടമകളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.മറ്റു വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടറുകൾ സ്വീകരിക്കുന്ന സ്ഥലം: തിരുവനന്തപുരം ഡെയറി
   അമ്പലത്തറ ,പൂന്തുറ പി ഒ

2) ടെണ്ടറുകൾ സ്വീകരിക്കുന്ന തീയതി: 18.07.2026 മുതൽ

3) ടെണ്ടറുകൾ സ്വീകരിക്കുന്ന
   അവസാന തീയതി /സമയം: 24.07.2026 12.00 PM

4) ടെണ്ടറുകൾ തുറക്കുന്ന തീയതി /സമയം: 24.07.2026 2.00 PM

5) ടെണ്ടർ നൽകുന്ന കവറിനു മുകളിൽ **“മൊബൈൽ വെറ്ററിനറി ക്ലിനിക്” ടാക്സി റീ-ടെണ്ടർ** എന്ന് കാണിച്ചിരിക്കണം .

**കുറിപ്പ് :-**

18.07.2026 തീയതി മുതൽ 23.07.2026 തീയതി വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെയും,24.07.2026-നു 11.45 AM മണി വരെയും തിരുവനന്തപുരം ഡെയറിയിൽ രൊക്കം പണമടച്ചു ടെണ്ടർ ഫോറം വാങ്ങാവുന്നതാണ്

**ടെണ്ടേർഡ് ഡിസ്റ്റൻസ് (ദൂരം) പ്രതി മാസം 1300.കി .മി.**

**ആയിരിക്കുന്നതാണ്.**

തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയനിലെ തിരുവനന്തപുരം ജില്ലയിലെ മൂവേരിക്കര ക്ഷീരോല്പാദക സംഘത്തിലെയും പരിസരപ്രദേശങ്ങളിലെ സംഘങ്ങളിലെയും കർഷകരുടെ ഉരുക്കുകൾക്ക് അടിയന്തിര മൃഗചികത്സാ സേവനം നൽകുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ ആവശ്യങ്ങൾക്കായി 6 മാസക്കാലത്തേക്ക് (പരമാവധി ഒരു വർഷം വരെ), 2016 നോ അതിന് ശേഷമോ രജിസ്റ്റർ ചെയ്തിട്ടുള്ള ടൂറിസ്റ്റ് ടാക്സി (SEDAN) പെർമിറ്റുള്ള മോഡൽ കാർ ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിക്കുന്നു. വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ടൂറിസ്റ്റ് ടാക്സി പെർമിറ്റുള്ള മോഡൽ കാർ ഉടമകളിൽ നിന്നുള്ള മാത്രമേ പരിഗണിക്കുകയുള്ളു.

2. പ്രതി കിലോമീറ്റർ നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.

3.ടെൻഡർ ലഭിക്കുന്ന വാഹന ഉടമകൾ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ നടത്തിപ്പിനായി ആവശ്യാനുസരണം വാഹനസൗകര്യം ലഭ്യമാക്കാൻ ബാധ്യസ്ഥരാണ്.

4.വാഹനത്തിന്റെ ഡ്രൈവർ മൃഗചികത്സാസേവനത്തിനായി നിയോഗിച്ചിട്ടുള്ള ഡോക്ടറുടെ സഹായിയായും (driver cum attender) ജോലി ചെയ്യുന്നതിന് സന്നദ്ധനായിരിക്കേണ്ടതാണ്. ഈ സേവനത്തിന് പ്രേത്യകം വേതനം നൽകുന്നതല്ല.

5. എല്ലാ ദിവസങ്ങളിലും രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ / അതാത് ദിവസത്തെ കേസുകൾ കഴിയുന്നത് വരെ വാഹന സൗകര്യം ലഭ്യമാക്കേണ്ടതാണ്. ഇത് കൃത്യമായി എല്ലാ ദിവസവും പാലിക്കേണ്ടതാണ്

6. പ്രതിമാസ വാഹനം ഓടിയിട്ടുള്ള ദൂരമോ /1300 കിലോമീറ്റർ ദൂരമോ ഏതാണോ കൂടുതൽ ടി ദൂരം അനുവദിക്കുന്നതാണ്.

7. മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ ആവശ്യത്തിനായുള്ള യാത്രകൾ സംബന്ധമായ കൃത്യമായ രേഖകൾ വാഹനത്തിന്റെ ഡ്രൈവർ സൂക്ഷിക്കേണ്ടതും ആയത് ദിവസേന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ് .

8.വാഹന സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ സമാനമായ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് ടെണ്ടർ ലഭിക്കുന്ന വാഹന ഉടമ ബാധ്യസ്ഥനാണ്.ആയത് മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങേണ്ടതാണ് .

9. എല്ലാ മാസവും 5-)o തീയതിക്ക് മുൻപായി മുൻ മാസത്തെ invoice /bill യൂണിറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ് .ആയതിൻ പ്രകാരമുള്ള തുക 10-)o തീയതിക്കകം അനുവദിച്ചു നൽകുന്നതാണ് .

10.കാലാകാലങ്ങളിൽ ഉണ്ടായേക്കാവുന്ന പെട്രോൾ /ഡീസൽ വില വർദ്ധനവിന് ആനുപാതികമായി ഹെഡ് ഓഫീസ് നിർദ്ദേശമനുസരിച്ച് നിലവിലുള്ള റേറ്റിൽ വർദ്ധനവ് /കുറവ് വരുത്തുന്നതാണ് .

11.മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ ആവശ്യത്തിനായുള്ള യാത്രകളിൽ അപകടങ്ങൾ ഉണ്ടായാൽ യൂണിയനിൽ നിന്നും നഷ്ട്ട പരിഹാരം നൽകുന്നതല്ല .

12. കരാർ പ്രകാരം ഓടിക്കാനുദ്ദേശിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ (മോഡൽ ,ENGINE CAPACITY ,ഉടമസ്ഥാവകാശം ,ടൂറിസ്റ്റ് ടാക്സി പെർമിറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുള്ളത്) പകർപ്പ് ടെണ്ടറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .

13.നിരത ദ്രവ്യമായി 1000/-(ആയിരം രൂപ) 18.07.2026 തീയതി മുതൽ പ്രവർത്തി ദിവസങ്ങളിൽ തിരുവനന്തപുരം ഡെയറിയിൽ 10 am-3 pm വരെ രൊക്കം പണമായി അടക്കാവുന്നതാണ് .നിരത ദ്രവ്യം അടച്ചതിനുള്ള രേഖ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ് .

14.ടെണ്ടർ ഫോറം 18.07.2026 തീയതി മുതൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് തിരുവനന്തപുരം ഡെയറി പി ആൻറ് ഐ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.

15. ടെണ്ടർ ഫോറത്തിന്റെ വില : 250 രൂപ +18% GST ആയിരിക്കുന്നതാണ് .

16.ടെണ്ടർ സമർപ്പിക്കുന്ന കവറിനു പുറത്ത് **"ടാക്സി -മൊബൈൽ വെറ്ററിനറി ക്ലിനിക്"** എന്ന് രേഖപ്പെടുത്തേണ്ടതാണ് .

17. കരാർ ഉറപ്പിക്കുന്ന വാഹനത്തിന്റെ ഉടമ 200/- രൂപ മുഖ വിലയുള്ള മുദ്ര പത്രത്തിൽ ഈ ഓഫീസിൽ നിന്നും നൽകുന്ന മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ് .

18. കരാർ ലഭിക്കുന്ന പക്ഷം 'On contract with Milma' എന്ന ലേബൽ സ്വന്തം ചിലവിൽ വാഹനത്തിൽ പതിക്കേണ്ടതാണ് .

19. കാരണം കാണിക്കാതെ ടെണ്ടർ നിരാകരിക്കാനുള്ള അധികാരം തിരുവനന്തപുരം

മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയന് ഉണ്ടായിരിക്കുന്നതാണ്.

Digitally signed by
Jessy R S
Date: 16-07-2026
13:23:44

യൂണിറ്റ് മേധാവി

പകർപ്പ് :-നോട്ടീസ് ബോർഡ്